പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 153.

27.02.2017 - ൽ
മറുപടിയ്ക്ക്

## പിങ്ക് പോലീസ്

| ചോദ്യം | | മറുപടി |
|---|---|---|
| ഡോ.എം. കെ. മുനീർ | | ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര പിങ്ക് പോലീസ് പെട്രോളിംഗ് സംവിധാനം നിലവിലുണ്ടെന്നും ഏതൊക്കെ ജില്ലകളിൽ എത്ര വനിതാ പോലീസുകാർ അതിൽ ജോലി നോക്കുന്നുണ്ടെന്നും എത്ര കാലമായി തുടർന്നുവരുന്നുണ്ടെന്നും വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് 4 ജില്ലകളിൽ പിങ്ക് പോലീസ് പട്രോളിംഗ് സംവിധാനം നിലവിലുണ്ട് (തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, എറണാകുളം സിറ്റി, തൃശ്ശൂർ സിറ്റി). പ്രസ്തുത 4 ജില്ലകളിലായി വനിതാ പോലീസ് ഓഫീസർമാർ ഉൾപ്പെടെ 84 പേർ പ്രവർത്തിയെടുത്തുവരുന്നു. ഓരോ ജില്ലയിലും പ്രസ്തുത പോലീസ് ഉദ്യോഗസ്ഥർ എന്ന് മുതൽ പ്രവർത്തിയെടുത്തു വരുന്നു എന്നത് ചുവടെ കൊടുക്കുന്നു. |

| പോലീസ് ജില്ല | എണ്ണം | പ്രവർത്തനം ആരംഭിച്ച തീയതി |
|---|---|---|
| തിരുവനന്തപുരം സിറ്റി | 31 | 15.08.2016 |
| കൊല്ലം സിറ്റി | 10 | 04.01.2017 |
| എറണാകുളം സിറ്റി | 36 | 25.11.2016 |
| തൃശ്ശൂർ സിറ്റി | 9 | 19.12.2016 |

| | | |
|---|---|---|
| (ബി) പ്രസ്തുത സംവിധാനത്തിലൂടെ എന്തെല്ലാം ഉപകാരങ്ങൾ പൊതുജനത്തിന് ഉണ്ടായിട്ടുണ്ട് ; വിശദ വിവരങ്ങൾ നൽകുമോ; | (ബി) | സ്ത്രീകളെയും കുട്ടികളെയും ശല്യപ്പെടുത്തൽ, മദ്യപിച്ച് പൊതുജനങ്ങൾക്ക് ശല്യമുണ്ടാക്കൽ, സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ, ഓട്ടോറിക്ഷാ ഡ്രൈവർമാർ ക്കെതിരായ പരാതികൾ, പൂവാലശല്യം, പൊതുയാത്രാ സംവിധാനങ്ങളിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ, തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ, സ്ത്രീകൾക്കും കുട്ടികൾക്കും വയോജനങ്ങൾക്കും നേരിടേണ്ടിവരുന്ന എല്ലാവിധ അതിക്രമങ്ങൾക്കുമെതിരായി ശക്തമായ നടപടി സ്വീകരിക്കാൻ പിങ്ക് പോലീസ് പട്രോളിംഗിന് കഴിഞ്ഞിട്ടുണ്ട്. |
| (സി) പ്രസ്തുത സംവിധാനം പ്രയോജനപ്രദമല്ല എന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ഗൗരവപൂർവ്വം കാണുമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Rajani.14

സെക്ഷൻ ഓഫീസർ